# പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5763 — 29.07.2015 ന് മറുപടിയ്ക്ക്.

## വനം വകുപ്പിന്റെ വാഹനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ)2013 മാർച്ചിനുശേഷം വനം വകുപ്പിന്റെ ആവശ്യത്തിനായി വാങ്ങിയ വാഹനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിനായി എത്ര തുക ചെലവഴിച്ചുയെന്നും ഏതൊക്കെ ഓഫീസുകൾക്കാണ് പ്രസ്തുത വാഹനങ്ങൾ അനുവദിച്ചതെന്നും വ്യക്തമാക്കുമോ; | (എ) 2013 മാർച്ചിനു ശേഷം വനം വകുപ്പിന്റെ ആവശ്യത്തിനായി വാങ്ങിയ വാഹനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) 2013 മാർച്ചിനുശേഷം വനം വകുപ്പിന്റെ റേഞ്ചുകളിലേക്കും, സ്റ്റേഷനുകളിലും അനുവദിച്ച വാഹനങ്ങളുടെ വിവരങ്ങളും, വാഹനങ്ങളുടെ മോഡലുകൾ സംബന്ധിച്ച വിശദാംശങ്ങളും തരം തിരിച്ച് വ്യക്തമാക്കുമോ; | (ബി) 2013 മാർച്ചിനുശേഷം വനം വകുപ്പിന്റെ റേഞ്ചുകളിലേക്കും, സ്റ്റേഷനുകളിലും അനുവദിച്ച വാഹനങ്ങളുടെ വിവരങ്ങളും, വാഹനങ്ങളുടെ മോഡലുകൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (സി) വനം വകുപ്പിന്റെ കീഴിൽ ഏതെല്ലാം റെയിഞ്ചുകളിലും സ്റ്റേഷനുകളിലും വാഹനങ്ങൾ ഇല്ലാത്തതായി അവശേഷിക്കുന്നുയെന്നും അവിടെ വാഹനങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | (സി) വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><u>സതേൺ സർക്കിൾ</u> - അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റെയിഞ്ച്, കോന്നി ഡിവിഷനിലെ മണ്ണാറപ്പാറ റെയിഞ്ച്, ചേമ്പാല ഫോറസ്റ്റ് സ്റ്റേഷൻ, പുനലൂർ ഡിവിഷനിലെ റാപ്പിഡ് റെസ്പോൺസ് ടീം.<br><u>ഹൈറേഞ്ച് സർക്കിൾ</u> - കോട്ടയം വനം ഡിവിഷനിലെ അയ്യപ്പൻകോവിൽ റെയിഞ്ച്, നഗരമ്പാറ റെയിഞ്ച്<br><u>സെൻട്രൽ സർക്കിൾ</u> - ചാലക്കുടി ഡിവിഷനിലെ പരിയാരം റെയിഞ്ച്, മലയാറ്റൂർ ഡിവിഷനിലെ ആനക്കുളം, ഏറുമുഖം, പെരുന്തോട്, എണ്ണക്കൽ, ഇടമലയാർ, വടാട്ടുപാറ സ്റ്റേഷനുകൾ.<br>വാഴച്ചാൽ ഡിവിഷനിലെ ചാർപ്പ റെയിഞ്ച്, ഷോളയാർ ഫോറസ്റ്റ് സ്റ്റേഷൻ<br><u>ഈസ്റ്റേൺ സർക്കിൾ</u> - മണ്ണാർക്കാട് ഡിവിഷനിലെ ഒമ്മല ഫോറസ്റ്റ് സ്റ്റേഷൻ.<br>അഗളി റെയിഞ്ചിലെ എലിഫന്റ് സ്ക്വാഡ് - കണ്ടം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.<br>നെന്മാറ ഡിവിഷനിലെ നെല്ലിയാമ്പതി ഫോറസ്റ്റ് സ്റ്റേഷൻ - അനുവദിച്ച ജീപ്പ് വന്യമൃഗ ആക്രമണം മൂലം ഉപയോഗശൂന്യമായി).<br><u>പ്രോജക്ട് ടൈഗർ ഡിവിഷൻ</u> - പെരിയാർ വെസ്റ്റ് ഡിവിഷന്റെ പമ്പ റെയിഞ്ചിലെ മുക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ |

വൈൽഡ് ലൈഫ് നോർത്തേൺ സർക്കിൾ - പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ പീച്ചി റെയിഞ്ചിലെ ഒളകര ഫോറസ്റ്റ് സ്റ്റേഷൻ

സോഷ്യൽ ഫോറസ്ട്രി സർക്കിൾ, കൊല്ലം - തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ആറ്റിങ്ങൽ, നെയ്യാറ്റിൻകര റെയിഞ്ചുകൾ.

കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ പുനലൂർ റെയിഞ്ച്

പത്തനംതിട്ട സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ കോന്നി, റാന്നി റെയിഞ്ചുകൾ

ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ചെങ്ങന്നൂർ റെയിഞ്ച്

കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ കോട്ടയം റെയിഞ്ച്

സോഷ്യൽ ഫോറസ്ട്രി സർക്കിൾ, എറണാകുളം -

എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ പെരുമ്പാവൂർ റെയിഞ്ച്

ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ പീരുമേട്, തൊടുപുഴ റെയിഞ്ചുകൾ.

മൂന്നാർ റെയിഞ്ച് - നിലവിലുള്ള വാഹനം കണ്ടം ചെയ്യാൻ ഗ്യാരേജ് ചെയ്തിരിക്കുന്നു.

കാലടി എൻ.എസ്.സി ഡിവിഷനിലെ കരിമ്പുമുടി ഫോറസ്റ്റ് സ്റ്റേഷൻ

പാലക്കാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ മണ്ണാർക്കാട്, അഗളി റെയിഞ്ചുകൾ

തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ തൃശ്ശൂർ റെയിഞ്ച് - ഉപയോഗയോഗ്യമായ വാഹനം നിലവിലില്ല.

സോഷ്യൽ ഫോറസ്ട്രി സർക്കിൾ, കോഴിക്കോട് - കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ കോഴിക്കോട്, വടകര റെയിഞ്ചുകൾ

കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ഹോസ്ദുർഗ് റെയിഞ്ച്

മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ നിലമ്പൂർ റെയിഞ്ച്

വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ മാനന്തവാടി, സുൽത്താൻ ബത്തേരി റെയിഞ്ചുകൾ

കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ തലശ്ശേരി റെയിഞ്ച്

റെയിഞ്ച്, ഫോറസ്റ്റ് സ്റ്റേഷൻ തലങ്ങളിൽ ഉപയോഗിക്കാൻ ഉതകുന്ന വാഹനങ്ങൾ വാങ്ങുന്നതിന് തൽസംബന്ധമായ ബഡ്ജറ്റ് ശീർഷകങ്ങളിൽ ഫണ്ട് അപര്യാപ്തമാണ്. 4406-10-101-99 വനസംരക്ഷണം (ക്യാപിറ്റൽ പ്ലാൻ) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 200 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള ഉപധനാഭ്യർത്ഥന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ